LIBRARY ARCHIVES Kerala Legislative Assembly

ഉണമേന്മ വിദ്യാഭ്യാസത്തിന്റെ വിജയത്തിനുമായി നിലനിൽക്കേണ്ട ഡയറ്റുകളിലെ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009 ജനുവരി മാസത്തിലാണ് ഡയറ്റുകളിൽ അദ്ധ്യാപക നിയമനം അവസാനമായി നടത്തിയിട്ടുള്ളത്.

(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതി ശിപാർശ സമർപ്പിക്കുന്നതിലേക്കായി എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ചെയർമാനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ചെയർമാൻ സമർപ്പിച്ച ഭേദഗതി ശിപാർശ പരിശോധിച്ചുവരികയുമാണ്.

(സി) ഉണ്ട്.

(ഡി) ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

165 (3015) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതടക്കമുള്ള എല്ലാ പ്രവൃത്തികളും ചെയ്യുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രൊജക്റ്ററുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏത് കമ്പനി/കമ്പനികളാണ് പ്രസ്തുത ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതെന്നും ഓരോ ഉല്പന്നത്തിന്റെയും നിലവിലെ വിപണിവില, അതേ ഉല്പന്നം സർക്കാരിന് ലഭ്യമാക്കുന്ന വില, അവയുടെ കോൺഫിഗറേഷൻ, എ.എം.സി. എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും, ഓരോ കമ്പനിയും രേഖപ്പെടുത്തിയ തുക എത്രയാണ് എന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതടക്കമുള്ള എല്ലാ പ്രവർത്തനങ്ങൾക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 8 അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സർക്കാർ കമ്പനിയാണ് കൈറ്റ്.

(ബി) ഹൈടെക് സ്കൂൾ പ്രോജക്ടുമായി ബന്ധപ്പെട്ട വിശദമായ പദ്ധതിരേഖ പ്രകാരമുള്ള ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ, ഉപകരണങ്ങൾ സർക്കാരിന് ലഭ്യമാക്കുന്ന വില, അവയുടെ കോൺഫിഗറേഷൻ & എ.എം.സി. എന്നിവ അനുബന്ധം-2 ആയി ചേർക്കുന്നു*.

എല്ലാ ഐ.സി.റ്റി. ഉപകരണങ്ങൾക്കും അഞ്ച് വർഷ വാറണ്ടി ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ഹാർഡ്‌വെയർ പരാതികൾ, വിതരണക്കാർ രണ്ട് പ്രവൃത്തി ദിവസങ്ങൾക്കകം അറ്റന്റ് ചെയ്യേണ്ടതും പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിശോധിക്കേണ്ടതാണെന്നും നിബന്ധനപ്പെടുത്തിയിട്ടുമുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ ഉത്പന്നത്തിന്റെയും നിലവിലെ വിപണിവില ശേഖരിച്ചുവരുന്നു.

(ഡി) ടെണ്ടർ ക്ഷണിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു*.

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

166 (3016) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും 1 കോടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.